ഓ ജനങ്ങളേ, നിങ്ങൾ ശത്രുവിനെ കണ്ടുമുട്ടാൻ
ആഗ്രഹിക്കരുത്. നിങ്ങൾ അല്ലാഹുവിനോട് സൗഖ്യം
ചോദിക്കുക.
അബ്ദുല്ലാഹിബ്നു അബീ ഔഫാ (رضي الله عنه) പറയുന്നു: "അല്ലാഹുവിൻ്റെ റസൂൽ (صلى الله عليه وسلم) തൻ്റെ
യുദ്ധങ്ങളിൽ ചിലതിൽ ശത്രുവിനെ നേരിട്ടപ്പോൾ സൂര്യൻ പടിഞ്ഞാറേക്ക് ചെരിയുന്നത്
വരെ കാത്തിരുന്നു. എന്നിട്ട് എഴുനേറ്റു നിന്നുകൊണ്ട് പറഞ്ഞു: "ഓ ജനങ്ങളേ, നിങ്ങൾ
ശത്രുവിനെ കണ്ടുമുട്ടാൻ ആഗ്രഹിക്കരുത്. നിങ്ങൾ അല്ലാഹുവിനോട് സൗഖ്യം ചോദിക്കുക.
അവരെ കണ്ടുമുട്ടിയാൽ നിങ്ങൾ ക്ഷമിച്ചുനിൽക്കുക. അറിയണം! സ്വർഗം വാളുകളുടെ
നിഴലുകൾക്ക് കീഴിലാണുള്ളത്." എന്നിട്ട് നബി (صلى الله عليه وسلم) പ്രാർത്ഥിച്ചു: "(ഖുർആനാകുന്ന)
കിതാബ് അവതരിപ്പിച്ചവനും, മേഘങ്ങളെ സഞ്ചരിപ്പിക്കുന്നവനും (മുശ്രിക്കുകളുടെ
യുദ്ധ) സംഘങ്ങളെ പരാജയപെടുത്തുന്നവനുമായ അല്ലാഹുവേ, നീ അവരെ പരാജയപ്പെടുത്തേണമേ,
അവർക്കെതിരിൽ നീ ഞങ്ങളെ സഹായിക്കേണമേ."
[സ്വഹീഹ്] [ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചത്]
https://sunnah.global/hadeeth/ml/show/2953